**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4961** **11-08-2021 - ൽ മറുപടിയ്ക്ക്**

**ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 19.2.2021 ലെ സ.ഉ(കൈ)52/2021/ആ.കു.വ ഉത്തരവിന് വിധേയമായി ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ച ലാബ് ടെക്നീഷ്യൻ തസ്തിക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (എ) | 19.02.2021 ലെ സ.ഉ(കൈ) നം. 52/2021/ ആകുവ പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ 1200 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമെന്ന നിലയിൽ നാലിൽ ഒരുഭാഗമായ 300 തസ്തികകൾ 03.08.2021 ലെ സ.ഉ(കൈ) നം. 143/2021/ആ. കു.വ പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ ലാബ് ടെക്നീഷ്യൻ തസ്തിക ഉൾപ്പെട്ടിട്ടില്ല. |
| (ബി) | കോവിഡ് , സിക്ക വൈറസ് രോഗങ്ങളുടെ ഭീഷണിയുടെ പശ്ചാത്തലത്തിൽ രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായുള്ള ലാബ് പരിശോധനകൾക്കായി ഓരോ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആവശ്യമായ ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക, മേൽ ഉത്തരവനുസരിച്ച് സൃഷ്ടിക്കാൻ പദ്ധതിയുണ്ടോ; | (ബി) | 19.02.2021 ലെ സ.ഉ(കൈ) നം. 52/2021/ ആകുവ പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ 1200 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമെന്ന നിലയിൽ നാലിൽ ഒരുഭാഗമായ 300 തസ്തികകൾ 03.08.2021 ലെ സ.ഉ(കൈ) നം. 143/2021/ആ. കു.വ പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ ലാബ് ടെക്നീഷ്യൻ തസ്തിക ഉൾപ്പെട്ടിട്ടില്ല. |
| (സി) | ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി അപ് ഗ്രേഡ് ചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിക്കാനുദ്ദേശിക്കുന്ന ലാബ് ടെക്നീഷ്യൻ തസ്തിക സംബന്ധിച്ച് വിശദമാക്കുമോ? | (സി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ലാബ് ടെക്നീഷ്യന്റെ 170 തസ്തികകളും രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ 200 ലാബ് ടെക്നീഷ്യൻ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ